**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റ് ശ്രീ. വിനോദ്.കെ.പിയുടെ ഭാര്യയുടെ ഗൈനക്കോളജി സംബന്ധമായ ചികിത്സയ്ക്ക് ചങ്ങനാശ്ശേരി അബ്രഹാംസ് അഡ്വാൻസസ് ഇൻഫെർട്ടിലിറ്റി സെന്റർ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പൂർവ്വകാല അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**2830/2019/തസ്വഭവ.** **തീയതി, തിരുവനന്തപുരം,12/12/2019.**

---

പരാമർശം:
1).11.07.2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2).ശ്രീ. വിനോദ്.കെ.പിയുടെ 05.02.2015 ലെ അപേക്ഷയും ബില്ലുകളും.
3).10.02.2017-ലെ ജി.ഒ(പി) നം.18/2017/H&FWD നമ്പർ ഉത്തരവ്.
4).പഞ്ചായത്ത് ഡയറക്ടറുടെ 18.04.2018, 05.09.2019 എന്നീ തീയതികളിലെ എഫ്2-44902/18 നമ്പർ കത്ത്.
5).പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.02.2015 ലെ 16(9)2015-ാം നമ്പർ തീരുമാനം.
6).ജില്ലാ മെഡിക്കൽ ഓഫീസറുടെ 08/2019-ലെ സി5/18561/2019 നം. കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റ് ശ്രീ. വിനോദ്.കെ.പിയുടെ ഭാര്യയുടെ ഗൈനക്കോളജി സംബന്ധമായ ചികിത്സയ്ക്ക് ചങ്ങനാശ്ശേരി അബ്രഹാംസ് അഡ്വാൻസസ് ഇൻഫെർട്ടിലിറ്റി സെന്ററിൽ ചികിൽസ നടത്തിയതുമായി ബന്ധപ്പെട്ട് നേരിട്ട ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു

2. ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം (6) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 66,587/- രൂപ ( അറുപത്തി ആറായിരത്തി അഞ്ഞൂറ്റി എൺപത്തിയേഴ് രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തു. മേൽ തുക പൊൻമുണ്ടം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം(5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് മലപ്പുറം ജില്ലയിലെ പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റ് ശ്രീ വിനോദ്.കെ.പിയുടെ

ഭാര്യയ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ചങ്ങനാശ്ശേരി അബ്രഹാംസ് അഡ്വാൻസ്ഡ് ഇൻഫെർട്ടിലിറ്റി സെന്ററിൽ ഗൈനക്കോളജി സംബന്ധമായ ചികിൽസ നടത്തിയ നടപടി ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലെ KGSMA Rules, 1960 ചട്ടങ്ങളിൽ ഇളവ് നൽകി പ്രസ്തുത ചികിത്സയ്ക്ക് പൂർവ്വകാല അനുമതി നൽകിക്കൊണ്ടും, 28.12.2014 മുതൽ 22.01.2015 വരെയുള്ള പ്രസ്തുത ചികിത്സയ്ക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിരുന്ന തുകയായ 66,587/- രൂപ ( അറുപത്തി ആറായിരത്തി അഞ്ഞൂറ്റി എൺപത്തിയേഴ് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ പൊൻമുണ്ടം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
ശ്രീ. വിനോദ്.കെ.പി , അക്കൗണ്ടന്റ്, പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് ഓഫീസ് മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ആരോഗ്യ വകുപ്പ്( 17.12.2018 ലെ G2/1666/2018/H&FWD നം. കുറിപ്പ് പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No.147/EPA3/18/LSGD).

ഉത്തരവിൻപ്രകാരം,

Denny M

സെക്ഷൻ ഓഫീസർ